## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1- 13443/2017 തീയതി-18.08.2017

### സർക്കുലർ നമ്പർ 25/2017-18

വിഷയം – കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ റെഗുലർ ജീവനക്കാർക്ക് 2017 ലെ ഓണം പ്രമാണിച്ച് ഉത്സവ വായ്പ അനുവദിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ 05.09.2016 തീയതിയിലെ 458 -ാം മത് ബോർഡ് യോഗത്തിലെ 35- ാം നമ്പർ തീരുമാനം.

2) 16.08.2017 ലെ സ.ഉ.(അച്ചടി) നമ്പർ 108/2017/ ധന നമ്പർ സർക്കാർ ഉത്തരവ്.

3) കേരള ചുമട്ടുതൊഴിലാളി ചട്ടം (1981) റൂൾ 13(എച്ച്)

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ റെഗുലർ ഫുൾടൈം ജീവനക്കാർക്ക് (ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ) സൂചന 3 പ്രകാരം ബോർഡിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കൊണ്ട് മേൽ സൂചന (1) ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2016 ലെ ഓണം പ്രമാണിച്ച് പരമാവധി 50,000/- രൂപ വരെയും (അൻപതിനായിരം രൂപ വരെ മാത്രം) റഗുലർ പാർട്ട് ടൈം ജീവനക്കാർക്ക് പരമാവധി 25,000/- രൂപ വരെ (ഇരുപത്തി അയ്യായിരം രൂപ വരെ മാത്രം) ഉത്സവ വായ്പ അനുവദിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. സൂചന (1) മുൻ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലും അടുത്ത ബോർഡ് യോഗത്തിൽ സാധൂകരിക്കാമെന്ന ബഹു: ബോർഡ് ചെയർമാന്റെ മേൽ നിർദ്ദേശത്തിനും വിധേയമായി മുൻ വർഷത്തെപോലെ 2017 ലും ഓണത്തോടനുബന്ധിച്ച് , റെഗുലർ ഫുൾടൈം ജീവനക്കാർക്ക് (ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ) 10 തുല്യ പ്രതിമാസ ഗഡുക്കളായി തിരിച്ച് പിടിക്കേണ്ടുന്ന വിധത്തിൽ പരമാവധി 50,000/- രൂപ വരെയും (അൻപതിനായിരം രൂപ വരെ മാത്രം) റഗുലർ പാർട്ട് ടൈം ജീവനക്കാർക്ക് പരമാവധി 25,000/- രൂപ വരെ (ഇരുപത്തി അയ്യായിരം രൂപ വരെ മാത്രം) ഉത്സവ വായ്പ അനുവദിച്ച് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥർക്കും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത വായ്പ തുക 10 തുല്യ പ്രതിമാസ ഗഡുക്കളായി 2017 ഒക്ടോബർ മാസത്തെ ശമ്പളം മുതൽ യഥാവിധി തിരിച്ചുപിടിക്കേണ്ടതാണ്. മുൻ വർഷത്തെ ഉത്സവ വായ്പ തിരിച്ചടവിൽ കുടിശ്ശിക/ബാദ്ധ്യത

നിലവിലുള്ള ജീവനക്കാർക്ക് നടപ്പ് സാമ്പത്തിക വർഷം ഉത്സവ വായ്പ അനുവദിക്കേണ്ടതില്ല. 2016-17 സാമ്പത്തിക വർഷം ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിൽ ടി ഇനത്തിൽ അനുവദിച്ച തുക, ഈടാക്കിയത്, ബാക്കി നിൽക്കുന്ന തുക എന്നിവയുടെ പട്ടികയും അയച്ച തരേണ്ടതാണ്. ഉത്സവ വായ്പ വിതരണം സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ നിർദ്ദേശങ്ങളും നിബന്ധനകളും മാറ്റമില്ലാതെ പാലിക്കപ്പെടേണ്ടതാണ്. വായ്പ തുക 23/08/2017 മുതൽ യഥാവിധി വിതരണം ചെയ്യാവുന്നതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

<u>സ്വീകർത്താവ്.</u>

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.
( ജില്ലാ കമ്മിറ്റി ചെയർമാൻ കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

<u>പകർപ്പ്</u>

സൂപ്രണ്ട് ക്യാഷ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ
സെക്ഷൻ ക്ലർക്ക് ഇ2/സി1 സീറ്റുകൾ
(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി)

// ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്.